# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6110      28.10.11 ന് മറുപടി നൽകേണ്ടിയിരുന്നത്

## സുപ്രീം കോടതിയിലെ സ്പെഷ്യൽ ലീവ് പെറ്റീഷൻ

**ചോദ്യം**
ശ്രീ.ചിറ്റയം ഗോപകുമാർ

**ഉത്തരം**
ശ്രീ.കെ.എം.മാണി
(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | |
|---|---|
| എ)സംസ്ഥാനത്തെ പൊതുമരാമത്ത്, ജലവിതരണം എന്നീ വകുപ്പു കളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സമയ ബന്ധിത ഹയർഗ്രേഡുമായി ബന്ധപ്പെട്ട വിഷയം ശമ്പള പരിഷ്ക്കരണകമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിഹരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. | എ) കാലാകാലങ്ങളിലെ ശമ്പള പരിഷ്ക്കരണ കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ജലസേചനം, പൊതു മരാമത്ത് എന്നീ വകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജീവനക്കാരുടെയും സമയ ബന്ധിത ഹയർ ഗ്രേഡുമായി ബന്ധപ്പെട്ട സ്കെയിലുകൾ നിശ്ചയിച്ച് അതാത് ശമ്പള പരിഷ്ക്കരണഉത്തരവുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) എങ്കിൽ റിപ്പോർട്ട് സംബന്ധിച്ച് സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ള സ്പെഷ്യൽ ലീവ് പെറ്റീഷൻ പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ. | ബി) സ്പെഷ്യൽ ലീവ് പെറ്റീഷൻ പിൻവലിക്കുന്നത് സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

| | |
|---|---|
| സി) പ്രസ്തുത വിഷയത്തിൽ ഏതെല്ലാം സർവ്വീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ | സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻസ്, ഫെഡറേഷൻ ഓഫ് ടെക്നിക്കൽ എംപ്ലോയീസ് ആക്ഷൻ കൗൺസിൽ, കേരള പി.ഡബ്ളിയു.ഡി ഇലക്ട്രിക്കൽ വിങ് എക്സിക്യൂട്ടീവ് എംപ്ലോയീസ് അസോസിയേഷൻ, കേരള എൻ.ജി.ഒ അസോസിയേഷൻ, ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് ഫ്രണ്ട്, എൻ.ജി.ഒ ഫ്രണ്ട് മുതലായസംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.